**പതിമൂന്നാം കേരള നിയമസഭ**
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1776**

**22.03.2012 - ൽ മറുപടിയ്ക്ക്**

**ഡോഗ് സ്ക്വാഡ്**

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ജില്ലകളിൽ / സബ് ഡിവിഷനുകളിൽ എത്ര പോലീസ് ഡോഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | (എ) | കേരളാ പോലീസിൽ തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും ഡോഗ് സ്ക്വാഡ് നിലവിലുണ്ട്. |
| (ബി) ജില്ലാ ഡോഗ് സ്ക്വാഡിന് ടെലികമ്മ്യൂണിക്കേഷൻ, കുതിര പോലീസ് എന്നിവപോലെ സംസ്ഥാനതല യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനതല യൂണിറ്റ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല |
| (സി) 2003-04 കാലയളവിൽ ബി.എസ്.എഫ്. (ഗ്വാളിയോർ) ട്രെയിനിംഗ് പൂർത്തിയാക്കിയ ഹാൻഡ്ലേഴ്സിന്റെ സേവനം ഇപ്പോൾ ഏതു രീതിയിലാണ് സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നത് | (സി) | 2003-04 കാലയളവിൽ ബി.എസ്.എഫ്. (ഗ്വാളിയോർ) ട്രെയിനിംഗ് പൂർത്തിയാക്കിയവർ ജില്ലകളിലെ വിവിധ ഡോഗ് സ്ക്വാഡുകളിൽ ഹാൻഡ്ലേഴ്സ് ആയി ജോലി ചെയ്തുവരുന്നു. |
| (ഡി) പോലീസ് ഡോഗ് സ്ക്വാഡിലേയ്ക്കുവേണ്ട നായ്ക്കളെ എവിടെ നിന്നാണ് വാങ്ങുന്നത്; | (ഡി) | അംഗീകൃത കെന്നൽ ക്ലബുകളിൽ അംഗത്വമുള്ള വ്യക്തികളിൽ നിന്നുമാണ് നായ്ക്കളെ വാങ്ങുന്നത്. |
| (ഇ) പോലീസ് ഡോഗ് സ്ക്വാഡിലേയ്ക്ക് ഡയറക്ട് റിക്രൂട്ട്മെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഡോഗ് സ്ക്വാഡിന്റെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ